6947
261 3118

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2018 ഫെബ്രുവരി 24<br>24th February 2018<br>1193 കുംഭം 12<br>12th Kumbham 1193<br>1939 ഫാൽഗുനം 5<br>5th Phalguna 1939 | നമ്പർ<br>No. | 451 |

## കേരള സർക്കാർ

### മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈ) നമ്പർ 2/2018/മ.തു.വ. *തിരുവനന്തപുരം, 2018 ഫെബ്രുവരി 15 / 1193 കുംഭം 3.*

**എസ്. ആർ. ഒ. നമ്പർ 103/2018.**—1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ (1952-ലെ 60-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, പൊതു പ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം, അതായത്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കൺസഷൻ കരാർ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമപരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനായി ഒരു അന്വേഷണ കമ്മീഷനെ നിയമിച്ചുകൊണ്ട് 2017 ജുലൈ 18-ാം തീയതിയിലെ സ. ഉ. (കൈ) നമ്പർ 15/2017/മ.തു.വ. നമ്പരായി

പുറപ്പെടുവിച്ചതും, 2017 ജൂലൈ 20-ാം തീയതിയിലെ 1536-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 444/2017 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം താഴെ പറയുംപ്രകാരം ഭേദഗതി വരുത്തുന്നു, അതായത്:—

ഭേദഗതി

മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ 4-ാം ഖണ്ഡികയിൽ, "ആറ് മാസത്തിനകം" എന്ന വാക്കുകൾക്കുപകരം "പന്ത്രണ്ട് മാസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. എച്ച്. കുര്യൻ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

പൊതു പ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം, അതായത്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കൺസഷൻ കരാർ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമപരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനായി നിയമിച്ച ജസ്റ്റിസ് (റിട്ടയേർഡ്) ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ കാലാവധി 2018 ജനുവരി 17-ന് അവസാനിച്ചു. കമ്മീഷന്റെ കാലാവധി 2018 ജനുവരി 18 മുതൽ ആറ് മാസത്തേക്കുകൂടി നീട്ടുവാനും അതിൻപ്രകാരം 2017 ജൂലൈ 18-ാം തീയതിയിലെ സ. ഉ. (കൈ) നമ്പർ 15/2017/മ.തു.വ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുള്ളതും, 2017 ജൂലൈ 20-ാം തീയതിയിലെ 1536-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 444/2017 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Fisheries and Ports (E) Department**

NOTIFICATION

G. O. (Ms.) No. 2/2018/F&PD.

*Dated, Thiruvananthapuram, 15th February, 2018 / 3rd Kumbham, 1193.*

**S. R. O. No. 103/2018.**—In exercise of the powers conferred by section 3 of the Commissions of Inquiry Act, 1952 (Central Act 60 of 1952), the Government of Kerala hereby make the following amendment to the G. O. (Ms.) No. 15/2017/F&PD dated 18th July, 2017 and published as S.R.O. No. 444/2017 in the Kerala Gazette Extraordinary No. 1536 dated 20th July, 2017, appointing a Commission of Inquiry to inquire into a definite matter of public importance, namely, the irregularities pointed out by the Comptroller and Auditor General of India in its audit report ending for the year 31st March, 2016, with regard to the Concession Agreement of Vizhinjam International Multipurpose Seaport Project, namely:—

AMENDMENT

In the said notification, in the fourth paragraph, for the words "within six months" the words "within twelve months" shall be substituted.

By order of the Governor,

P. H. KURIAN,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The term of Justice (Retired) C. N. Ramachandran Nair Commission of Inquiry appointed to inquire into a definite matter of public importance, namely, the irregularities pointed out by the Comptroller and

Auditor General of India in its audit report ending for the year on 31st March, 2016, with regard to the Concession Agreement of Vizhinjam International Multipurpose Seaport Project, has expired on 17th January, 2018. Government decided to extend the term of the Commission for a further period of six months from 18th January, 2017 and consequently amend the G. O. (Ms.) No. 15/2017/F&PD dated, 18th July, 2017 and published as S.R.O. No. 444/2017 in the Kerala Gazette Extraordinary No. 1536 dated 20th July, 2017.

The notification is intended to achieve the above object.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018